(ബി) പ്രസ്തുത അപേക്ഷകളിൽ എന്നത്തേക്ക് കണക്ഷൻ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) 2005 ഡിസംബർ 31-നകം നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

കാസർഗോഡ് നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ

27 [2644] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ മിനിമം ഗ്യാരണ്ടി വെച്ച എത്ര വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ ഉണ്ട് എന്നും, മുൻഗണനാ ക്രമത്തിൽ അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാനാവശ്യമായ മെറ്റീരിയൽസ് അനുവദിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ഓരോ പദ്ധതിയും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി & സി) കാസർഗോഡ് നിയോജകമണ്ഡലത്തിൽ 31 വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ ഉണ്ട്. ഇതിന് ആരും മിനിമം ഗാരന്റി വയ്ക്കാറില്ല. 2005 ഡിസംബറിനകം എല്ലാപണികളും പൂർത്തീകരിക്കുവാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

കായംകുളം താപനിലയവുമായിട്ടുള്ള വൈദ്യുതി കരാർ പുതുക്കുന്നതിന് നടപടി

28 [2645] ശ്രീ. തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം താപനിലയവുമായിട്ടുള്ള വൈദ്യുതി കരാർ പുതുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് സംബന്ധിച്ച് എൻ. ടി പി. സി.-യുമായി ചർച്ചനടത്തിയിട്ടുണ്ടോ;

(സി) കുറഞ്ഞ വിലയ്ക്ക് വൈദ്യുതി നൽകുന്നതിന് എൻ. ടി. പി. സി. സമ്മതിച്ചിട്ടുണ്ടോ;

(ഡി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് വൈദ്യുതി ബോർഡ് ആവശ്യപ്പെ ട്ടിരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി & ഡി) കായംകുളം താപനിലയത്തിൽനിന്നുള്ള 180 മെഗാവാട്ട് വൈദ്യുതിയും കിഴക്കൻ മേഖലയിൽ നിന്നുള്ള 180 മെഗാവാട്ട് വൈദ്യുതിയും ചേർത്ത് വൈദ്യുതിയുടെ സമ്മിശ്ര വില (composite) കുറയ്ക്കണമെന്ന് കേന്ദ്ര ഊർജ്ജ മന്ത്രാ ലയത്തോട് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 110 മെഗാവാട്ട് വൈദ്യുതി കിഴക്കൻ മേഖലയിൽ നിന്നും കേരളത്തിന് അനുവദിച്ചിട്ടുണ്ട്. കായംകുളം താപനിലയത്തിൽനിന്നും ഇപ്പോൾ തമിഴ്നാടിന് 180 മെഗാവാട്ട് നൽകുന്നതിനുള്ള ഉത്തരവ് 31-3-2005-ന് ശേഷവും തുടരണമെന്നും കൂടാതെ കിഴക്കൻ മേഖലയിൽനിന്നും അധികമായി 70 മെഗാവട്ട് വൈദ്യുതി കൂടി 3 മാസത്തിനകം അനുവദിക്കണമെന്ന വ്യവസ്ഥകളിൽ നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാർ പുതുക്കാമെന്ന് വൈദ്യുതി ബോർഡ് എൻ. ടി. പി. സി.-യെ അറിയിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, അത്തോളി ഇലക്ട്രിക് സെക്ഷനിലെ വൈദ്യുതി കണക്ഷൻ

29 [2646] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, അത്തോളി ഇലക്ട്രിക് സെക്ഷനിലെ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം എത്രയാണ് എന്ന് വെളിപ്പെടു ത്താമോ;

(ബി) ഇതിൽ ഗാർഹിക ഉപയോഗം, വ്യവസായം, കൃഷി എന്നിവയ്ക്കുള്ള വൈദ്യുതി കണക്ഷനുകളുടെ എണ്ണം പ്രത്യേകം പ്രത്യേകം വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly